നമ്പർ 453/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ഭരണസമിതിയംഗങ്ങളും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

പരിശുദ്ധ സഭയ്ക്കുവേണ്ടി അവസാന ശ്വാസം വരെ പോരാടി മരണം വരിച്ച തോമ്പ്രായിൽ ശ്രീ. റ്റി. എം. വർഗീസിന്റെ (മലങ്കര വർഗീസ്) അനുസ്മരണാർത്ഥം ഒരു പൊതു സമ്മേളനം 2009 ജനുവരി മാസം 11 -ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് പെരുമ്പാവൂർ മുൻസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നതാണ് ഈ പൊതുസമ്മേളനത്തിൽ നമ്മുടെ എല്ലാ പള്ളികളിൽ നിന്നും ബഹുമാനപ്പെട്ട വികാരിമാരുടെ നേതൃത്വത്തിൽ കഴിവുള്ളിടത്തോളം ആളുകൾ വന്ന് സംബന്ധിച്ച് ഈ സമ്മേളനം വിജയകരമാക്കിത്തീർക്കണമെന്ന് നാം ആവശ്യപ്പെടുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2008 ഡിസംബർ മാസം 24 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.